**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ശ്രീമതി. ഫരീദാ ടി.കെ., മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III - പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കി നിയമനം പ്രതീക്ഷിച്ചു നിന്ന കാലയളവ് ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

.==================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1546/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.06.2014

==================================================================

പരാമർശം:- 1) ജി.ഒ.(ആർ.ടി.) നം. 2742/13/തസ്വഭവ. തീയതി 06.11.2013.
2) ജി.ഒ.(ആർ.ടി.) നം. 953/14/തസ്വഭവ. തീയതി 31.03.2014.
3) ശ്രീമതി.ഫരീദാ ടി.കെ.യുടെ 16.04.2014-ലെ അപേക്ഷ.
4) നഗരകാര്യ ഡയറക്ടറുടെ 03.03.2014-ലെ ഇ2-20852/12(2) നമ്പർ കത്ത്.

**ഉത്തരവ്**

മേൽ ഒന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ നിയമിച്ച് 3 മാസത്തെ പ്രീസർവ്വീസ് ട്രെയിനിംഗിന് നിയോഗിച്ചിരുന്ന ശ്രീമതി. ഫരീദാ ടി.കെ.ക്ക് കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറിയായി മേൽ രണ്ടാമതായി പരാമർശിച്ച ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്നു. പ്രീ സർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കി നിയമനത്തിനായി കാത്തു നിന്ന 22.2.2014 മുതലുള്ള കാലയളവ് റഗുലറൈസ് ചെയ്യണമെന്ന ശ്രീമതി. ഫരീദാ ടി.കെ.യുടെ പരാമർശം (3) പ്രകാരമുള്ള അപേക്ഷ നഗരകാര്യ ഡയറക്ടർ അനന്തര നടപടിയ്ക്കായി പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ സെക്രട്ടറിയായി കേഡർ പോസ്റ്റിൽ നിയമിക്കുന്നതിന് മുമ്പ് നൽകുന്ന പ്രീ സർവ്വീസ് ട്രെയിനിംഗ് ആകയാൽ ട്രെയിനിംഗ് കാലയളവ് കഴിഞ്ഞ് ഡ്യൂട്ടിയിൽ ചാർജ്ജെടുക്കുന്നതുവരെയുള്ള ഇടവേള കെ.എസ്.ആർ. ഭാഗം I ചട്ടം 12 (7) ന്

കീഴെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിക്കാനാവില്ല. കൂടാതെ നിയമിക്കപ്പെട്ട തസ്തികയിൽ ഒരിക്കൽപോലും ചാർജെടുത്തിട്ടില്ലാത്തതിനാൽ കെ.എസ്. & എസ്. എസ്. ആർ. ഭാഗം I ചട്ടം 2(6) (e) യുടെ ആനുകൂല്യം ലഭ്യമല്ല.

മേൽ സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറി ഗ്രേഡ് III, ശ്രീമതി. ഫരീദാ ടി.കെ. , പ്രീസർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കി നിയമനത്തിനായി കാത്തുനിന്ന 22.02.2014 മുതൽ 02.04.2014 വരെയുള്ള കാലയളവ് ശമ്പളമോ സ്റ്റൈപ്പന്റോ കൂടാതെയുള്ള പ്രീ സർവ്വീസ് ട്രെയിനിംഗിന്റെ ദീർഘിപ്പിക്കലായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ) ഓഡിറ്റ്, തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. ഫരീദാ ടി.കെ., സെക്രട്ടറി, കൊടുങ്ങല്ലൂർ നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**